പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം
നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3332 19-10-2016-ലെ മറുപടിക്ക്

**അഡ്വക്കേറ്റ് ക്ലാർക്കായിരുന്ന ഗംഗാധരൻപിള്ളയുടെ ക്ഷേമനിധി പെൻഷൻ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ രാമചന്ദ്രൻ നായർ | ശ്രീ. എ.കെ. ബാലൻ<br>ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും മന്ത്രി |

| | |
|---|---|
| (എ) അഡ്വക്കേറ്റ് ക്ലാർക്കുമാരുടെ മുടങ്ങിപ്പോയ ക്ഷേമനിധി പുനഃസ്ഥാപിച്ച് അവർക്ക് പെൻഷൻ നൽകുവാൻ ആവശ്യമായ നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ; | 2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റിലെ 17 (6) വകുപ്പു പ്രകാരം ക്ഷേമനിധിയിലെ ഒരു അംഗം ഒരു വർഷത്തെ വാർഷികവരിസംഖ്യ ആ വർഷം ജൂൺ 30 നകം ഒടുക്കിയില്ലെങ്കിൽ പ്രസ്തുത അംഗത്തിന്റെ അംഗത്വം റദ്ദാക്കപ്പെടുന്നതാണ്. പ്രസ്തുത ആക്റ്റിലെ 17 (7) വകുപ്പും 2004-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ചട്ടങ്ങളിലെ ചട്ടം 10 (4)-ഉം പ്രകാരം വാർഷിക വരിസംഖ്യ ഒടുക്കുവാൻ വീഴ്ച വരുത്തിയതു മൂലം ക്ഷേമനിധിയിലെ അംഗത്വത്തിൽ നിന്നും നീക്കം ചെയ്യപ്പെട്ട ഒരു അംഗത്തിന് ക്ഷേമനിധിയിലേയ്ക്ക് വീണ്ടും അംഗത്വം ലഭിക്കുന്നതിന് കുടിശ്ശിക വരിസംഖ്യ തുകയും അതിന്റെ 12 ശതമാനം പലിശയും ടിയാന്റെ പേര് നീക്കം ചെയ്ത തീയതി മുതൽ 6 മാസത്തിനകം അടയ്ക്കുന്നപക്ഷം അംഗത്വം പുനഃസ്ഥാപിച്ചു കിട്ടുവാൻ അർഹത ഉണ്ടായിരിക്കുന്നതാണ്. |

| | |
|---|---|
| (ബി) ചെങ്ങന്നൂർ താലൂക്കിൽ അഡ്വക്കേറ്റ് ക്ലാർക്കായിരുന്ന ബുധനൂർ കാരയ്ക്കാട്ട് വീട്ടിൽ ഗംഗാധരൻപിള്ള യുടെ ക്ഷേമനിധി പുന:സ്ഥാപിക്കുവാൻ നൽകിയ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; | ചെങ്ങന്നൂർ താലൂക്കിൽ അഡ്വക്കേറ്റ് ക്ലാർക്കായിരുന്ന ബുധനൂർ കാരയ്ക്കാട്ട് വീട്ടിൽ ഗംഗാധരൻപിള്ളയുടെ ക്ഷേമനിധി അംഗത്വം പുന:സ്ഥാപിക്കാനുള്ള അപേക്ഷ 14-10-2016-ൽ കൂടിയ കേരള അഡ്വക്കേറ്റ് ക്ലാർക്ക് ക്ഷേമനിധി കമ്മിറ്റി യോഗത്തിൽ പരിഗണിക്കുകയും കുടിശ്ശിക പിഴയോടുകൂടി ഒടുക്കുവാൻ അനുവദിച്ചു കൊണ്ട് ടിയാന്റെ മുടങ്ങിപ്പോയ ക്ഷേമനിധി അംഗത്വം പുന:സ്ഥാപിക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) പ്രസ്തുത അപേക്ഷയിൻമേൽ സ്വീകരിക്കാവുന്ന പരിഹാര മാർഗ്ഗങ്ങൾ എന്തെന്ന് അപേക്ഷകനെ അറിയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | അപേക്ഷകന്റെ ക്ഷേമനിധി അംഗത്വം പുന:സ്ഥാപിക്കുവാനെടുത്ത ക്ഷേമനിധി കമ്മിറ്റിയുടെ 14-10-2016-ലെ തീരുമാനം അപേക്ഷകനെ ഉടനെ അറിയിക്കുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) പ്രസ്തുത അപേക്ഷകന്റെ ക്ഷേമനിധി പുന:സ്ഥാപിച്ച് പെൻഷൻ ലഭിക്കുവാൻ സ്വീകരിക്കേണ്ട നടപടികൾ വ്യക്തമാക്കുമോ; | 14-10-2016-ൽ കൂടിയ കമ്മിറ്റി തീരുമാനം അനുസരിച്ച് അപേക്ഷകൻ വരുത്തിയ കുടിശ്ശിക പലിശയോടുകൂടി ഒടുക്കുന്ന മുറയ്ക്ക് ക്ഷേമനിധി അംഗത്വം പുന:സ്ഥാപിക്കുന്നതാണ്. തുടർന്ന് പെൻഷനുവേണ്ടിയുള്ള അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് പെൻഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

| | |
|---|---|
| (ഇ) ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ കാര്യാലയത്തിൽ നിന്നും 758875/2016/M&Fin. എന്ന നമ്പരിൽ നിയമ വകുപ്പിന് കൈമാറിയ പ്രസ്തുത അപേക്ഷയിൽ നടപടി സ്വീകരിക്കുവാൻ കാലതാമസം ഉണ്ടായതിന്റെ കാരണം വിശദമാക്കുമോ ? | ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ കാര്യാലയ ത്തിൽ നിന്നും 758875/2016/M&Fin. എന്ന നമ്പരിൽ നിയമവകുപ്പിന് കൈമാറിയ ശ്രീ. ഗംഗാധരൻ പിള്ളയുടെ പ്രസ്തുത അപേക്ഷ തീരുമാനമെടുക്കുന്നതിനായി കേരള അഡ്വക്കേറ്റ് ക്ലാർക്ക് ക്ഷേമനിധി കമ്മിറ്റിക്ക് അയച്ചു കൊടുത്തിരുന്നതുമാണ്. അപേക്ഷകന്റെ അംഗത്വം പുന:സ്ഥാപിക്കുന്ന വിഷയം 21-07-2016-ൽ കൂടിയ ക്ഷേമനിധി കമ്മിറ്റിയുടെ യോഗത്തിൽ 13-ാം നമ്പർ വിഷയമായി അജണ്ടയിൽ ഉൾപ്പെടുത്തിയിരുന്നതും ടി വിഷയം അടുത്ത കമ്മിറ്റിയിൽ പരിഗണിക്കാ നായി മാറ്റി വയ്ക്കുകയും ചെയ്തിരുന്നതാണ്. ടി വിഷയം വീണ്ടും 28-09-2016-ലെ ക്ഷേമനിധി കമ്മിറ്റി യോഗ അജണ്ടയിൽ 7-ാം നമ്പർ വിഷയമായി ഉൾപ്പെടുത്തിയിരുന്നു. എന്നാൽ പ്രസ്തുത കമ്മിറ്റി യോഗത്തിൽ കോറം തികയാത്തതുകൊണ്ട് ടി അപേക്ഷയിൽ അന്ന് നടപടി സ്വീകരിക്കാനായില്ല. ആയതിനാലാണ് കാലതാമസം നേരിട്ടത്. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ